## 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2261** **17/06/2014 - ൽ മറുപടിയ്ക്ക്**

### മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാജു | | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) | |
| (എ) | മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>• ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി.<br>• തെരഞ്ഞെടുക്കുന്ന സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനുള്ള ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതി.<br>• പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം നൽകുന്ന പദ്ധതി.<br>• തെരെഞ്ഞെടുത്ത പ്രദേശങ്ങളിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വർദ്ധനവിനും അവിടത്തെ പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്തുന്നതിനുമുള്ള സമഗ്ര വികസന പദ്ധതി. |

| | | | |
|---|---|---|---|
| | | | • എസ്.എസ്.എൽ.സി/+2 പരാജിതരായവർക്ക് പരീക്ഷ വീണ്ടും എഴുതി പാസാകുന്നതുവരെ തുടർ പരിശീലനം നൽകുന്ന പദ്ധതി.<br>• നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (എൻ.റ്റി.റ്റി.എഫ്) മുഖേന അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസനത്തിന് പരിശീലനം നൽകി ജോലി ലഭ്യമാക്കുന്ന പദ്ധതി. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പുനലൂർ നിയോജക മണ്ഡലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) | മിഷൻ 676 ലെ പദ്ധതികൾ കേരളത്തിൽ മൊത്തമായിട്ട് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. അല്ലാതെ പുനലൂർ നിയോജക മണ്ഡലത്തിനു മാത്രമായി പദ്ധതികളൊന്നും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ടി പദ്ധതികളുടെ പ്രയോജനം പുനലൂർ നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ